**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6090

04.07.2019- ൽ
മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ കോട്ടക്കടപ്പുറത്തെ കുടുംബങ്ങളുടെ പട്ടയം

ചോദ്യം
ശ്രീ.കെ.ദാസൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിലെ 36-ാം വാർഡിലെ കോട്ടക്കടപ്പുറം ഭാഗത്തെ പതിമൂന്നോളം കുടുംബങ്ങളുടെ പട്ടയത്തിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ ഉള്ള ഫയൽ കോഴിക്കോട് കളക്ടേറ്റിൽ നിലവിലുണ്ടോ ; | എ) | ഉണ്ട്. |
| (ബി) ആയത് റവന്യൂ വകുപ്പിലേക്ക് അനന്തരനടപടികൾക്കായി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ അയച്ചതിന്റെ ഉപരിപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച കത്ത് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത ഫയൽ റവന്യൂ വകുപ്പിലെ ഏത് ഓഫീസിലാണ് ഉള്ളതെന്നും ഫയലിന്മേലുള്ള തൽസ്ഥിതി എന്താണെന്നും വിശദമാക്കാമോ? | സി) | കൊയിലാണ്ടി താലൂക്കിലെ ഇരിങ്ങൽ വില്ലേജിലെ കോട്ടക്കടപ്പുറം നിവാസികളായ 9 കുടുംബങ്ങൾ പുഴ പുറമ്പോക്കിലുള്ള തങ്ങളുടെ കൈവശ ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടാണ് ജില്ലാ കളക്ടർ മേൽ പരാമർശിച്ച റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. ടി വിഷയം സർക്കാർ തലത്തിൽ 189/L2/17/റവ നമ്പർ ഫയലിൽ പരിശോധിക്കുകയും ചട്ടങ്ങളിൽ ഇളവ് വരുത്തി പുഴ പുറമ്പോക്കിന് പട്ടയം നൽകുന്നത് തെറ്റായ കീഴ്വഴക്കമായി |

വ്യാഖ്യാനിക്കപ്പെട്ടും എന്നതിനാൽ പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനം സംഭവിച്ച് വരുന്ന ഈ കാലഘട്ടത്തിൽ കൈവശം വയ്ക്കുന്ന പുഴ പുറമ്പോക്കിന് പട്ടയം നൽകണമെന്ന ടി 9 പേരുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം സമിതിയെ അറിയിക്കുകയും ചെയ്യിരുന്നു.

Indu.G.S

സെക്ഷൻ ഓഫീസർ

എൽ 6 - 5865 / 17

കളക്ടറേറ്റ്,കോഴിക്കോട്

തിയ്യതി- 11/01/2018

ജില്ലാകളക്ടർ

കോഴിക്കോട്

അഡീഷണൽ ചീഫ് സെക്രട്ടറി

റവന്യൂ (എൽ) വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം -മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)- ശ്രീ.സുകമാരൻ .എൻ.ടി മുതൽ പേർ സമർപ്പിച്ച ഹരജി- സംബന്ധിച്ച

സൂചന –(1) അങ്ങയുടെ 12/10/2017 ലെ 189/എൽ 2/2017/റവ. നംപർ കത്ത്.

(2) ഈ ഓഫീസിൽ നിന്നും ഇതേ നംപറിൽ 26/05/17, 7/12/2017 തിയ്യതികളിൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച കത്ത്

-------------------------

സൂചനകളിലേക്ക് മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു . സൂചന (1) പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ സമർപ്പിക്കുന്നു.

കൊയിലാണ്ടി താലൂക്കിലെ ഇരിങ്ങല് വില്ലേജില് കോട്ടക്കടപ്പുറം നിവാസികളായ ഒമ്പത് കുടുംബങ്ങള് തങ്ങളുടെ കൈവശ ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനു വേണ്ടി സമര്പ്പിച്ച ഹരജി കൊയിലാണ്ടി തഹസില്ദാര് മുഖാന്തിരം അന്വേഷണം നടത്തി .

അപേക്ഷകർ അവരവരുടെ കുടുംബത്തോടൊപ്പം ഇരിങ്ങൽ വില്ലേജിൽ ഇരിങ്ങൽ ദേശത്ത് റി.സ. 1/1, 15/1, 175 എന്നിവയിൽ വർഷങ്ങളായി താമസിച്ചു വരുന്ന ഭൂമി റവന്യൂ രേഖകൾ പ്രകാരം പുഴ പുറമ്പോക്ക് ആണ്. അപേക്ഷകരായ ഒമ്പത് കുടുംബങ്ങൾക്കും, മത്സ്യ ബന്ധന തുറമുഖ വകുപ്പ് 22.06.2004ൽ പുറപ്പെടുവിച്ച ജി.ഒ.കൈയെഴുത്ത് നംപർ 22/4/ഉ.ഇ.വ. യിൻമേൽ പ്രകാരം കൊയിലാണ്ടി തഹസിൽദാരുടെ ബി1- 7130/04 നംപർ ഉത്തരവ് പ്രകാരം കൈവശരേഖ അനുവദിച്ചിട്ടുള്ളതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം പുഴ പുറമ്പോക്ക് ഭൂമി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ആയതു വ്യക്തികൾക്കോ മറ്റ് വകുപ്പുകൾക്കോ പതിച്ച് നൽകവാൻ വ്യവസ്ഥയില്ലാത്തതുമാണ്. കൂടാതെ റവന്യൂ വകുപ്പിൻറെ 05/12/2000 ലെ 79224 / എല്ഴ 3/ 98 / റവ (പി) വകുപ്പ് സർക്കുലർ പ്രകാരവും 03.06.2003 ലെ G.O. (ms) 174/2003 റവന്യൂ ഉത്തരവ് പ്രകാരവും 30.04.2005

File No.DCKKD/5865/2017-L6

I/19178/2018

ലെ 11282/ സിവ/ 05 റവന്യു ഉത്തരവ് പ്രകാരവും പുഴ പുറമ്പോക്ക് ഭൂമി പതിച്ച് നൽകവാൻ പാടില്ലാത്തതാണ്. ആയതിനാൽ അപേക്ഷകരുടെ ഹരജിയിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് .

എന്നാൽ കൊയിലാണ്ടി തഹസിൽദാരുടെ സി2-1329/85 നംപർ ഉത്തരവു പ്രകാരം 102 ഓളം പേർക്ക് 1992 കാലഘട്ടത്തിൽ പട്ടയം അനുവദിച്ചിട്ടുള്ളതാണെന്ന കാര്യവും ബോധിപ്പിക്കുന്നു.

അപേക്ഷകർ പട്ടയം ലഭിക്കുന്നതിനു വേണ്ടി അപേക്ഷിച്ച ഭൂമി പുഴ- പുറമ്പോക്ക് ആയതിനാൽ നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ സർക്കാറിൽ നിന്നും ഉത്തരവ് ലഭിക്കുകയോ ചെയ്താൽ മാത്രമേ അപേക്ഷകരുടെ ഹരജിയിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. ആയതിനാൽ സർക്കാർ തലത്തിൽ തുടർ നടപടികൾ സംബന്ധിച്ച ഉത്തരവുണ്ടാകുന്നതിനായി സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു.

വിശ്വസ്തതയോടെ

'ശരി പകർപ്പ്'

ഡെപ്യൂട്ടികലക്ടർ (എൽ.ആർ)

ജില്ലാ കളക്ടർക്കുവേണ്ടി

DEPUTY COLLECTOR
Land Reforms Kozhikode

Indu.S.S
സെക്ഷൻ ഓഫീസർ.